2003-ാം ആണ്ടോടുകൂടി പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ട് കരാറിലേർപ്പെട്ടിരുന്നു. ഈ പദ്ധതിക്കുള്ള കൺസൾട്ടന്റിന്റെ നിയമനം സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെയുള്ള ടെക്നോളജി മിഷൻ-സബ്മിഷൻ പദ്ധതികൾ, ത്വരിത ഗ്രാമീണ-നഗര ശുദ്ധജല വിതരണ പദ്ധതികൾ, സംസ്ഥാന ഗവൺമെന്റിന്റെ സഹായത്തോടെയുള്ള പ്ലാൻ പദ്ധതികൾ, നെതർലാന്റ് ഗവൺമെന്റിന്റെ സഹായത്തോടെ നടക്കുന്ന പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ ധനകാര്യ ഏജൻസികളായ എൽ.ഐ.സി.,ഹഡ്കോ എന്നിവയിൽ നിന്നും ലഭിക്കുന്ന വായ്പ ഉപയോഗിച്ചും പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിൽ വരുന്ന കാലതാമസം ഉൾപ്പെടെ പദ്ധതി നടത്തിപ്പിലുളവാകുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ നാല് ജില്ലകളിലെ ഗ്രാമപ്രദേശങ്ങളിൽ ലോക ബാങ്ക് സഹായത്തോടുകൂടിയും പഞ്ചായത്തുകളുടെ സഹകരണത്തിലും ചെറിയ ജലവിതരണ പദ്ധതികൾ നടപ്പാക്കുന്നതിന് കേരള ഗ്രാമീണ ജല വിതരണ ശുചീകരണ ഏജൻസി എന്ന പേരിൽ ഒരു സ്ഥാപനം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള ഓഫീസുകൾ ഒന്നും തന്നെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടില്ല.

(സി) അനുബന്ധം 1-ൽ കൊടുത്തിട്ടുണ്ട്†

(ഡി) അനുബന്ധം 2-ൽ കൊടുത്തിട്ടുണ്ട്†

വൈദ്യുതി ബോർഡ് പുന:സംഘടിപ്പിക്കാനുള്ള പദ്ധതി

26 (*56) ശ്രീമതി രാധാരാഘവൻ :
ശ്രീ. പാലോട് രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ജോർജ് ജെ. മാത്യൂ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡ് പുന:സംഘടിപ്പിക്കാനുള്ള പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) ബോർഡിന്റെ പ്രവർത്തനം വിഭജിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) പുന:സംഘടന സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആരെയാണ് ആ ചുമതല ഏല്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) വൈദ്യുതോല്പാദനം വർദ്ധിക്കുന്നതിനനുസരിച്ച് നിരക്കിൽ കുറവു വരുത്താനാവുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

---

† അനുബന്ധം III,III എ

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വൈദ്യുതിയുടെ ഉല്പാദന-പ്രസരണ-വിതരണ മേഖലകളിൽ സ്വകാര്യ പങ്കാളിത്തം അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ ഏതെല്ലാം മേഖലകളിൽ എത്രത്തോളം അനുവദിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) വൈദ്യുതി ബോർഡ് ലാഭകരമാക്കാൻ ഉദ്ദേശിച്ച് പ്രത്യേക നടപടികളെന്തെങ്കിലും സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ജി) വൈദ്യുതി ബോർഡ് പുന:സംഘടന സംബന്ധിച്ചോ പദ്ധതി നവീകരണം സംബന്ധിച്ചോ ഉപദേശമോ ശുപാർശയോ നൽകാൻ ഏതെങ്കിലും വിദേശ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(എച്ച്) ഇൻഡ്യക്കകത്ത് ഈ വിഷയത്തിൽ വിദഗ്ദ്ധ ഉപദേശമോ, ശുപാർശയോ നൽകാൻ യോഗ്യതയുള്ള ഏജൻസികൾ ഉണ്ടോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) ബോർഡിന്റെ പ്രവർത്തനം പുനഃക്രമീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിൻ പ്രകാരം ബോർഡിന്റെ പ്രവർത്തനം, ഉല്പാദനം, പ്രസരണം, വിതരണം എന്നീ മൂന്നു പ്രോഫിറ്റ് സെന്ററുകളാക്കി (ലാഭകേന്ദ്രങ്ങൾ) പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പുന: സംഘടന സംബന്ധിച്ച് ആവശ്യമായ പഠനം നടത്തി അതിന്റെ ഘടന, ചുമതല, പ്രവർത്തന രീതി എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് വിവിധ കർമ്മ സമിതികളെ (ടാസ്ക് ഫോഴ്സ്) ചുമതലപ്പെടുത്തിയിരുന്നു.

(ഡി) ഉല്പാദന ചെലവ് അടിസ്ഥാനമാക്കിയാണ് താരിഫ് നിശ്ചയിക്കുന്നത്.

(ഇ) വൈദ്യുതിയുടെ ഉല്പാദന മേഖലയിൽ മാത്രം ഭാഗികമായി സ്വകാര്യ പങ്കാളിത്തം അനുവദിച്ചിട്ടുണ്ട്.

(എഫ്) ഗുണനിലവാരമുള്ള വൈദ്യുതിയും നല്ല ഉപഭോക്തൃ സേവനവും നൽകി വൈദ്യുതി ബോർഡ് ലാഭകരമാക്കാൻ ഉദ്ദേശിച്ചാണ് വിവിധ പ്രോഫിറ്റ് സെന്ററുകൾ (ലാഭ കേന്ദ്രങ്ങൾ) രൂപീകരിച്ച് പ്രവർത്തനം പുന:ക്രമീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. പാഴ്ച്ചെലവ് കർശനമായി നിയന്ത്രിക്കുക, സാമ്പത്തിക അച്ചടക്കം പാലിക്കുക, കറണ്ട് ചാർജ് കുടിശ്ശിക പിരിച്ചെടുക്കുക, വൈദ്യുതി മോഷണം തടയുക. സ്പോട്ട് ബില്ലിംഗ് സമ്പ്രദായം വ്യാപിപ്പിക്കുക എന്നിവ വഴി ബോർഡ് ലാഭകരമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ജി) വൈദ്യുതി മേഖലയിൽ സ്വകാര്യ പങ്കാളിത്തം അനുവദിച്ചുകൊണ്ടുള്ള കേന്ദ്ര നിയമ നിർമ്മാണത്തെത്തുടർന്ന് വിവിധ സംസ്ഥാന വിദ്യുച്ഛക്തി ബോർഡുകൾക്ക് നിലവിലുള്ള സമ്പ്രദായത്തിൽ നിന്നും വ്യതിചലിച്ച് പുതിയ

LIBRARY ARCHIVES Kerala Legislative Assembly

പരിഷ്കാരങ്ങൾ ഏർപ്പെടുത്തേണ്ടതായി വന്നു. ഇതിനുവേണ്ടി ഇന്ത്യാ ഗവൺമെന്റും കാനഡാ ഗവൺമെന്റും തമ്മിൽ ദക്ഷിണ മേഖലാ വൈദ്യുതി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനാവശ്യമായ ഉപദേശം നൽകുവാനായി ഒപ്പ് വച്ച കരാറിന്റെ അടിസ്ഥാനത്തിൽ കാനഡാ ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവണമെന്റും, സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡും ചേർന്ന് ഒപ്പ് വച്ച കരാർ പ്രകാരം 'കനേഡിയൻ ഇന്റർനാഷണൽ ഡെവലപ്പ്മെന്റ് ഏജൻസി'(സിഡ)യുടെ സഹായംലഭിക്കുന്നുണ്ട്. 'സിഡ'യ്ക്കുവേണ്ടി ഇ.ഐ.എ സ്.പി. എന്ന സ്ഥാപനം സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ആവശ്യപ്പെടുന്ന വിദഗ്ദ്ധ സഹായം ലഭ്യമാക്കുന്നുണ്ട്.

(എച്ച്) അറിയില്ല.

സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി

27 (*57) ശ്രീ. എം. പി. വർഗ്ഗീസ്:
ശ്രീ. രാജു എബ്രഹാം :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പുതുതായി ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) ഇതിൽ ഏതൊക്കെ പദ്ധതികൾക്ക് ഇതിനകം കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) കേന്ദ്ര ഗവൺമെന്റ് അനുമതി നിഷേധിച്ച പദ്ധതികൾ വീണ്ടും അനുമതിക്കു വേണ്ടി സമർപ്പിച്ചിട്ടുണ്ടോ ;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഏതെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ;

(എഫ്) പ്രസ്തുത പദ്ധതികളുടെ ഉല്പാദന ശേഷി എത്രയാണെന്നും ഇതിനു വേണ്ടി എന്തു തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി താഴെ പറയുന്ന കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly